# Malayala Manorama
# 17 August 2018
# Thirssur : Rescue mission

# കണ്ണീർമഴ

## ചാലക്കുടിപ്പുഴ കരകവിഞ്ഞു

**തൃശ്ശൂർ ▸** നിർത്താതെ പെയ്ത മഴയിൽ ജില്ല ഒറ്റപ്പെട്ടു. അഞ്ചിടത്ത് ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായി. പതിനായിരക്കണക്കിന് ആളുകളെ ദുരിതം ബാധിച്ചു. പലയിടത്തും ദുരിതാശ്വാസ ക്യാമ്പുകളിലും വെള്ളം കയറി.

അപ്പർ ഷോളയാർ അണക്കെട്ട് തുറന്നതിനെത്തുടർന്ന് ചാലക്കുടിപ്പുഴ കവിഞ്ഞൊഴുകുകയാണ്. ചാലക്കുടി ടൗൺ പൂർണമായും മുങ്ങി. പുഴയുടെ ഒരു കിലോമീറ്റർ പരിധിയിലുള്ളവരോട് മാറിത്താമസിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ വെള്ളം കയറി. ചാലക്കുടി, മാള മേഖലയിൽ ആയിരക്കണക്കിനുപേർ ഒറ്റപ്പെട്ടു. രക്ഷാപ്രവർത്തനത്തിനായി നാവികസേനയുടെ ഹെലിക്കോപ്റ്റർ സ്ഥലത്തെത്തി. രക്ഷിച്ചവരെ തൃശ്ശൂർ കേരളവർമ കോളേജിലേക്കും തോപ്പ് സ്റ്റേഡിയത്തിലേക്കും എത്തിച്ചു.

**തൃശ്ശൂർ ഒറ്റപ്പെട്ടു**

ടെറസുകളിൽ സ്ഥാപിച്ച ഷീറ്റുകൾ കാരണം ഹെലിക്കോപ്റ്റർ ഉപയോഗിച്ചുള്ള രക്ഷാപ്രവർത്തനത്തിന് പലേടത്തും ബുദ്ധിമുട്ട് നേരിട്ടു. കുത്തൊഴുക്ക് കാരണം പല മേഖലകളിലേക്കും ബോട്ടുകൾക്ക് എത്തിച്ചേരാൻ സാധിച്ചില്ല. ദേശീയപാതയിലും മറ്റ് റോഡുകളിലും വെള്ളം കയറി ഗതാഗതം പൂർണമായും മുടങ്ങി. പാലക്കാട്ടേക്കുള്ള ദേശീയ പാതയിൽ കുതിരാനിലും കോഴിക്കോട്ടേക്കുള്ള പാതയിൽ പുഴയ്ക്കലിലും ഗതാഗതം തടസ്സപ്പെട്ടു. ചാലക്കുടിപ്പുഴ കരകവിഞ്ഞതോടെ എറണാകുളത്തേക്കുള്ള വഴിയുമടഞ്ഞു. പുറാഞ്ചേരിപ്പാലത്തിനടുത്ത് ഉരുൾപൊട്ടി റോഡിലേക്ക് വീണതോടെ ഗതാഗതം നിർത്തി. പുതുപ്പാലത്ത് വെള്ളം കയറിയതോടെ വാഴക്കോട് – പ്ലാഴി സംസ്ഥാനപാതയിലും ഗതാഗതം തടസ്സപ്പെട്ടു. തൃശ്ശൂരിൽനിന്നുള്ള തീവണ്ടികൾ നിർത്തിവെച്ചു. കൊടുങ്ങല്ലൂരിൽ വെള്ളക്കെട്ടും കടൽക്ഷോഭവുമാണ് ദുരിതമായത്. പതിനായിരത്തോളം ആളുകളാണ് ദുരിതാശ്വാസക്യാമ്പുകളിലെത്തിയത്.

## പമ്പയിൽ ഉരുൾപൊട്ടൽ, സന്നിധാനം ഒറ്റപ്പെട്ടു

**ശബരിമല ▸** പമ്പയിൽ ഹിൽടോപ്പിൽ ഉരുൾപൊട്ടി. പമ്പ ഒറ്റപ്പെട്ടതിനെത്തുടർന്ന് ഇവിടെനിന്ന് ദേവസ്വം, സർക്കാർ ജീവനക്കാരെ നിലയ്ക്കലേക്ക് ഒഴിപ്പിച്ചു. പമ്പയിലും സന്നിധാനത്തും വൈദ്യുതി, ഇൻറർനെറ്റ് ബന്ധം നിലച്ചു. ഉരുൾപൊട്ടി ത്രിവേണി യു ടേണിലെ വെയ് ബ്രിഡ്ജ് ഒലിച്ചുപോയി. കടവിലെ ഹോട്ടലും കെട്ടിടങ്ങളും തകർന്നു.

പമ്പയിലെ രാമമൂർത്തി മണ്ഡപം ഓഡിറ്റോറിയം കുത്തൊഴുക്കിൽ ഒലിച്ചുപോയി. ത്രിവേണിപാലവും നടപ്പാലവും മരം ഇടിച്ച് അപകടസ്ഥിതിയിലായി. സർവീസ് റോഡിന് മുകളിൽ വരെ വെള്ളം എത്തിയതോടെ സർക്കാർ ആശുപത്രിയുടെ ഒരുനില മുങ്ങി. പമ്പയിലെ മീഡിയാ ഇൻഫർമേഷൻ കേന്ദ്രങ്ങളും ഒഴുകിപ്പോയി.

സന്നിധാനത്തുള്ള മേൽശാന്തിക്കും പരികർമികൾക്കും ദേവസ്വംജീവനക്കാർക്കും അവശ്യവസ്തുക്കൾ എത്തിക്കാൻ കഴിയുന്നില്ല. പമ്പ മുറിച്ചുകടക്കാൻ കഴിയാത്തതിനാലാണിത്.



▶ മലപ്പുറം അരീക്കോട് ഓടക്കയം നെല്ലിയായി കോളനിയിൽ ഏഴുപേരുടെ മരണത്തിനിടയാക്കിയ ഉരുൾപൊട്ടലിൽ കണ്ടെടുത്ത മൃതദേഹവുമായി തിരിച്ചിറങ്ങുന്ന കേന്ദ്രസേനയും നാട്ടുകാരും